കേരള പോലീസ് വകുപ്പിലെ Woman Police Constable (Women Police Battallion) (Category No-550/2025 (General), 830/25 (1st NCA-M), 646/25 (1st NCA-SCCC) തസ്തികയുടെ ശാരീരിക അളവെടുപ്പും കായിക ക്ഷമത പരീക്ഷയും 2026 ഡിസംബർ 09 മുതൽ 14 വരെ തിരുവനന്തപുരം ജില്ലയിലും എറണാകുളം, കോഴിക്കോട് ജില്ലകളിൽ 2026 ഡിസംബർ 09 മുതൽ 11 വരെയും നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള അഡ്മിഷൻ ടിക്കറ്റ്, പ്രസ്തുത തസ്തികകളുടെ വിജ്ഞാപനത്തിൽ അനുബന്ധം ആയി ചേർത്തിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ എന്നിവയുടെ അസ്സൽ സഹിതം രാവിലെ 5.30 മണിക്ക് മുമ്പായി തന്നെ പരീക്ഷ കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. കായികക്ഷമതാ പരീക്ഷയിൽ യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികൾക്കുള്ള പ്രമാണ പരിശോധന അന്നേ ദിവസം നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ, നിശ്ചിത മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്തതിനു ശേഷം ആയത് സഹിതം ഹാജരാകേണ്ടതാണ്. നിശ്ചിത സമയത്തിന് ശേഷം എത്തുന്ന ഉദ്യോഗാർത്ഥികളെ യാതൊരു കാരണവശാലും ടെസ്റ്റിൽ പങ്കെടുപ്പിക്കുന്നതല്ല.